No. PC-DOC/001890/2007/KSLMA 21.04.2008

# പ്രേരക്/അസി. പ്രേരക് തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ

വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്/അസി. പ്രേരക് തെരഞ്ഞെടുപ്പും നിയമനവും സംബന്ധിച്ച് 9-7-2007 ൽ PC-DOC/001890/2007/KSLMA നമ്പരായിപുറപ്പെടു വിച്ച മാർഗ്ഗരേഖ, 22-3-2008ൽ ബഹു.വിദ്യാഭ്യാസമന്ത്രി ശ്രീ. എം.എ ബേബിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കെ.എസ്.എൽ.എം.എ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് പരിഷ്ക്കരിച്ച് പുറപ്പെടുവിക്കുന്നു,

1. പ്രേരക്/അസി. പ്രേരക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അറിയിപ്പ് പ്രധാനപ്പെട്ട പത്രങ്ങളിൽ കൊടുക്കേണ്ടതാണ്.
2. ഇന്റർവ്യൂ നടത്തുന്ന സ്ഥലം, സമയം എന്നിവ മുൻകൂട്ടി അപേക്ഷകരെ രേഖാമൂലം അറിയിക്കേണ്ടതാണ്.
3. ഇന്ററർവ്യൂ ബോർഡംഗങ്ങളായ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്കു പുറമേ സാക്ഷരതാമിഷൻ പ്രതിനിധിയായി ജില്ലാ കോർഡിനേറ്റർ/അസിസ്റ്റന്റ് കോർഡിനേറ്റർ-നെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.
4. തുടർ വിദ്യാകേന്ദ്രം പ്രേരക്, അസി. പ്രേരക് എന്നിവർക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ.സിയും പ്രായം 18നും 40നും മദ്ധ്യേയുമാണ്.
5. മാതൃകവികസനവിദ്യാകേന്ദ്രം/വികസനവിദ്യാകേന്ദ്രം പ്രേരക്/അസി. പ്രേരക്മാർക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യത സർവ്വകലാശാല ബിരുദമാണ്. പ്രായപരിധി 18 നും 40 നും മദ്ധ്യേയാണ്.
6. മാതൃകാ വിദ്യാകേന്ദ്രം/ബ്ലോക്ക് വികസന വിദ്യാകേന്ദ്രം പ്രേരക്മാരുടെ ഒഴിവിൽ അവിടങ്ങളിലെ 5 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള അസി. പ്രേരക്മാർ, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന തുടർവിദ്യാകേന്ദ്രം പ്രേരക്മാർ, അസി. പ്രേരക്മാർ എന്നിവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് സീനിയോറിട്ടിയുടെയും പ്രവർത്തനശേഷിയുടെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി നിയമിക്കേണ്ടതാണ്. ഇവർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. വിദ്യാഭ്യാസ യോഗ്യതയിലും ഇളവ് നൽകാവുന്നതാണ്. പ്രേരക്മാരായി മുൻപ് സേവനമനുഷ്ഠിച്ചിട്ടുള്ളവരേയും ഈ നിയമനത്തിന് പരിഗണിക്കാവുന്നതാണ്. പ്രേരക്മാരിൽ നിന്നും അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ നേരിട്ട് നിയമനം നടത്തുമ്പോൾ ടി അപേക്ഷകർക്ക് സർവ്വകലാശാലാ ബിരുദം നിർബന്ധമാണ്.
7. ഇന്റർവ്യൂ ബോർഡംഗങ്ങൾ ഇന്റർവ്യൂ സമയത്ത് അസ്സസ്സ്മെന്റ് ഷീറ്റിൽ പ്രത്യേകം പ്രത്യേകം മാർക്ക് രേഖപ്പെടുത്തേണ്ടതും ഓരോ ഷീറ്റിലും ഒപ്പിടേണ്ടതുമാണ്.
8. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ലിസ്റ്റിന്റെ കാലാവധി 2 വർഷമായിരിക്കും.
9. ഇന്റർവ്യൂവിനുശേഷം അംഗങ്ങൾ തയ്യാറാക്കിയ അസ്സസ്സ്മെന്റ് ഷീറ്റിന്റെ കോപ്പി, എല്ലാ അംഗങ്ങളും ഒപ്പിട്ട മാർക്ക് രേഖപ്പെടുത്തിയ ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെട്ടവരുടെ വയസ്സ്, യോഗ്യത ഇവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ കവറിംഗ് ലറ്റർ എന്നിവ സഹിതം, ജില്ലാ സാക്ഷരതാമിഷൻ മുഖാന്തിരമോ, ജില്ലാ സാക്ഷരതാമിഷന്റെ അറിവോടെ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നേരിട്ടോ സംസ്ഥാന സാക്ഷരതാമിഷനിലേക്ക് അംഗീകാരത്തിനായി അയക്കേണ്ടതാണ്.
10. തുടർവിദ്യാ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നവർ വികസനവിദ്യാകേന്ദ്രത്തിലേയ്ക്ക് നിയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ, മുകളിൽ പറഞ്ഞ യോഗ്യത, വയസ് എന്നിവ

തെളിയിക്കുന്നത് ഒഴികെയുള്ള രേഖകൾക്കൊപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് കൂടി അയയ്ക്കേണ്ടതാണ്.

11. പ്രേരക്/അസി. പ്രേരകിന് പ്രവർത്തനാനുമതി നൽകേണ്ട തീയതി അംഗീകാരത്തി നയയ്ക്കുന്ന രേഖയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട പ്രേരകിന്റെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരുണ്ടെങ്കിൽ അതും കൃത്യമായി രേഖപ്പെടുത്തണം.

12. പ്രേരക്/അസി. പ്രേരകിന്റെ പ്രവർത്തനം തൃപ്തികരമാണെന്നു ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട സാക്ഷരതാ സമിതിയുടെ തീരുമാനത്തിനു വിധേയമായി പ്രോജക്ട് തുടരുന്ന കാലത്തോളം കോർഡിനേറ്റർ എഫ് & എ എന്നനിലയിൽ സെക്രട്ടറി പ്രവർത്തനാനുമതി ദീർഘിപ്പിച്ചു നൽകേണ്ടതാണ്. പ്രവർത്തനാനുമതി ദീർഘിപ്പിച്ചു നൽകുമ്പോൾ ജില്ലാ/സംസ്ഥാന സാക്ഷരതാമിഷനുകളെ കൃത്യമായി അറിയിക്കേണ്ടതാണ്.

13. മാനദണ്ഡങ്ങൾ പാലിച്ച് നിയമിക്കപ്പെട്ടതും, കാര്യക്ഷമമായി പ്രവർത്തിക്കുന്നതുമായ പ്രേരക്മാരെ, ഭരണമാറ്റത്തിന്റെയോ, രാഷ്ട്രീയ പക്ഷപാതത്തിന്റെയോ പേരിൽ പിരിച്ചുവിടാൻ പാടില്ല. എന്നാൽ സാക്ഷരതാമിഷന്റെ നിയമാവലിക്കും, നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന പ്രേരക്/അസി. പ്രേരക്മാരുടെ മേൽ സംസ്ഥാന സാക്ഷരതാമിഷന്റെ അനുവാദത്തോടെ സാക്ഷരതാസമിതിക്ക് അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്.

ദേശീയ സാക്ഷരതാ മിഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത്.

**ഡോ. എൻ. ജയദേവൻ**
ഡയറക്ടർ